## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 391

28-05-2019 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വിൻസെന്റ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; | (എ) ഒന്നാംഘട്ട പദ്ധതിയുടെ പ്രധാന ഘടകമായ 3100 മീറ്റർ ബ്രേക്ക് വാട്ടറിന്റെ കരയിൽ നിന്നുള്ള 565 മീറ്റർ നീളം നിർമ്മാണം പൂർത്തീകരിച്ചു. ഡ്രെഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. ബെർത്ത് നിർമ്മാണത്തിന്റെ പ്രധാന ഘടകമായ പൈൽ സ്ഥാപിക്കൽ സമയ ബന്ധിതമായി പൂർത്തിയാക്കി. കണ്ടെയ്നർ യാർഡിന്റെ നിർമ്മാണവും തുറമുഖ പ്രവർത്തനങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും പുരോഗമിക്കുകയാണ്. തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ അനുമതികൾക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം തുടങ്ങുന്നതാണ്. പുലിമുട്ട് നിർമ്മാണം വേണ്ടത്ര പുരോഗതി കൈവരിച്ചാൽ മാത്രമേ ബെർത്തിന്റേയും സൂപ്പർസ്ട്രക്ച്ചറിന്റേയും പണികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) പ്രസ്തുത തുറമുഖം 2019 ഡിസംബറിൽ പ്രവർത്തനക്ഷമമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുവാൻ നിലവിലെ സാഹചര്യങ്ങളിൽ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ ; | (ബി) 2019 ഡിസംബർ 3-ാം തീയതി ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാക്കി തുറമുഖം കമ്മീഷൻ ചെയ്യുമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പദ്ധതിയുടെ നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തി ഇന്റിപെന്റന്റ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| (സി) | ഈ ഇറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം ഏത് ഘട്ട ത്തിലാണ് ; ഇതിന് ആവശ്യമായ കരിങ്കല്ല് സംസ്ഥാനത്തിനകത്ത് നിന്നും ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചി ട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ ? | (സി) | ഇറമുഖ പദ്ധതിയുടെ പ്രധാന ഘടകമാണ് 3100 മീറ്റർ നീളമുള്ള പുലിമുട്ട്. ഇതിനായി 65 ലക്ഷം ടൺ പാറയാണ് ആവശ്യമായിട്ടുള്ളത്. നാളിതുവരെ 565 മീറ്റർ നീളം പുലിമുട്ട് മാത്രമേ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. പദ്ധതിക്ക് ആവശ്യമായ കല്ല് കണ്ടെത്തേണ്ടത് കരാർ പ്രകാരം അദാനി കമ്പനിയുടെ ചുമതലയാണ്. ഇതിലേക്ക് വേണ്ട അനുമതികൾ നൽകൽ, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക എന്നിവയാണ് സർക്കാർ ചെയ്തു കൊടുക്കേണ്ടത്. പദ്ധതിക്ക് ആവശ്യമായ കരിങ്കല്ല് സംസ്ഥാനത്തി നകത്ത് നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും കണ്ടെത്താനാകുമെന്നാണ് അദാനി കമ്പനി അറിയി ച്ചിരിക്കുന്നത്.<br><br>കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ നിന്നും പാറ ഖനനം ചെയ്യുന്നതിനുള്ള നടപടികളു മായിട്ടാണ് അദാനി കമ്പനി ഇപ്പോൾ മുന്നോട്ട് പോകുന്നത്. ഇതിൽ കാലതാമസം വരാതിരിക്കുവാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ചും ത്വരിതഗതിയിൽ അനുമതികൾ നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇതിനു പുറമേ ഇതര സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ പാറ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളും അദാനി കമ്പനി നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ